ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

TIME: 06.30 PM DATE: 17.02.2026

## പ്രധാനവാർത്ത

1. ഇന്ത്യ ഫ്രാൻസ് പങ്കാളിത്തം ആഗോള സുസ്ഥിരതയ്ക്ക് കരുത്ത് പകരുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി. ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവേൽ മാക്രോണുമായി പ്രധാനമന്ത്രി മുംബൈയിൽ കൂടിക്കാഴ്ച നടത്തി.
2. കണ്ണൂർ സയൻസ് പാർക്ക്- ഐ ടി പാർക്കിന്റെ ശിലാസ്ഥാപനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. ശാസ്ത്ര സാങ്കേതിക രംഗത്തെ പുരോഗതി സാമൂഹിക നന്മയ്ക്കായി പ്രയോജനപ്പെടുത്തണമെന്ന് മുഖ്യമന്ത്രി.
3. സംസ്ഥാന സർക്കാരിന്റെ ക്ഷേമപ്രവർത്തനങ്ങളെക്കുറിച്ച് ജനങ്ങളിൽ നിന്നും അഭിപ്രായം ആരായുന്ന നവ കേരള സർവേ റദ്ദാക്കി ഹൈക്കോടതി.
4. ആഗോള അയ്യപ്പ സംഗമവുമായി ബന്ധപ്പെട്ട ഓഡിറ്റ് റിപ്പോർട്ടിലെ പിഴവുകൾ തിരുത്തി പുതിയ റിപ്പോർട്ട് ഉടൻ കോടതിയിൽ സമർപ്പിക്കുമെന്ന് ദേവസ്വം ബോർഡ് പ്രസിഡന്റ് കെ. ജയകുമാർ.

PNU/TVPM

5. **തൊണ്ടിമുതൽ തിരിമറി കേസിൽ ശിക്ഷാ വിധി റദ്ദാക്കണമെന്ന മുൻ മന്ത്രി ആന്റണി രാജുവിന്റെ ആവശ്യം തള്ളി തിരുവനന്തപുരം പ്രിൻസിപ്പൽ സെഷൻസ് കോടതി**
6. **ഐസിസി ടി-20 ലോകകപ്പിൽ കാനഡയ്ക്കെതിരെ ന്യൂസിലൻഡിന് 8 വിക്കറ്റ് ജയം.**

❋❋❋❋❋❋❋❋❋❋❋❋❋❋❋❋

**<u>പി  ം-ഫ്രഞ്ച് പ്രസിഡന്റ് (ഇൻട്രോ)</u>**

ഇന്ത്യ ഫ്രാൻസ് പങ്കാളിത്തം ആഗോള സുസ്ഥിരതയ്ക്ക് കരുത്ത് പകരുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി. ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവേൽ മാക്രോണുമായുള്ള കൂടിക്കാഴ്ചയ്ക്ക് ശേഷം മുംബൈയിൽ സംയുക്ത വാർത്താ സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. പ്രതിരോധം, സുരക്ഷ, വ്യാപാരം, സാംസ്കാരിക സഹകരണം തുടങ്ങിയ വിഷയങ്ങൾ ഇരു നേതാക്കളും ചർച്ച ചെയ്തു. ഇന്ത്യയുടെ ദീർഘകാല നയതന്ത്ര പങ്കാളിയാണ് ഫ്രാൻസ് എന്നും സവിശേഷമായ ബന്ധമാണ് ഇരു രാജ്യങ്ങൾക്കുമിടയിൽ നിലനിൽക്കുന്നതെന്നും പ്രധാനമന്ത്രി പറഞ്ഞു.

(ഹോൾഡ്- പി എം)

RNU TVPM

'എഐ ഇംപാക്ട് ഉച്ചകോടിയിൽ' പങ്കെടുക്കുന്നതിനായി പ്രധാനമന്ത്രിയുടെ ക്ഷണപ്രകാരമാണ് ഇമ്മാനുവേൽ മാക്രോൺ ഇന്ത്യയിലെത്തിയത്. 'ഇന്ത്യ-ഫ്രാൻസ് ഇന്നൊവേഷൻ വർഷം 2026' പരിപാടിയുടെ ഉദ്ഘാടനം ഇരുനേതാക്കളും ചേർന്ന് അൽപസമയത്തിനകം നിർവഹിക്കും.

❋❋❋❋❋❋❋❋❋❋❋❋❋❋❋❋

## മന്ത്രി അശ്വിനി വൈഷ്ണവ്

നിർമ്മിത ബുദ്ധിയെ അഞ്ചാം വ്യാവസായിക വിപ്ലവമെന്നു വിശേഷിപ്പിച്ച് കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ്. ന്യൂഡൽഹിയിൽ നടക്കുന്ന 'ഇന്ത്യ എഐ ഇംപാക്ട് ഉച്ചകോടി 2026'- ൻ്റെ രണ്ടാം ദിനത്തിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. നിർമ്മിത ബുദ്ധി ഉപയോഗത്തിന്റെ സാധ്യതകൾ സംബന്ധിച്ച നിർണായക ചർച്ചകളാണ് ഉച്ചകോടിയിൽ ഇന്ന് നടന്നത്.

❋❋❋❋❋❋❋❋❋❋❋❋❋❋❋❋

## മുഖ്യമന്ത്രി -സയൻസ് പാർക്ക്

സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച നാല് സയൻസ് പാർക്കുകളിൽ ഒന്നായ കണ്ണൂർ സയൻസ് പാർക്ക്- ഐ ടി പാർക്കിന്റെ ശിലാസ്ഥാപനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. ശാസ്ത്ര

RNU TVPM

സാങ്കേതിക രംഗത്തെ പുരോഗതി സാമൂഹിക നന്മയ്ക്കായി പ്രയോജനപ്പെടുത്താൻ സംസ്ഥാനം പ്രതിജ്ഞാ ബദ്ധമാണെന്ന് മുഖ്യമന്ത്രി ചടങ്ങിൽ പറഞ്ഞു. വേങ്ങാട് പടുവിലായി വില്ലേജിൽ കിൻഫ്ര ഏറ്റെടുത്ത 25 ഏക്കർ ഭൂമിയിൽ 317 കോടി രൂപ ചെലവിലാണ് ഐടി പാർക്കിന്റെ നിർമ്മാണം. അഞ്ച് ലക്ഷം ചതുരശ്ര അടി വിസ്തൃതിയിൽ ഒൻപത് നിലകളോടെയാണ് പാർക്ക് പണിയുക.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

**<u>നവ കേരള സർവേ</u>**

RNUTVPM

സംസ്ഥാന സർക്കാരിന്റെ ക്ഷേമപ്രവർത്തനങ്ങളെക്കുറിച്ച് ജനങ്ങളിൽ നിന്നും അഭിപ്രായം ആരായുന്ന നവ കേരള സർവേ ഹൈക്കോടതി റദ്ദാക്കി. ചീഫ് ജസ്റ്റിസ് അധ്യക്ഷനായ ഡിവിഷൻ ബഞ്ചിന്റേതാണ് ഉത്തരവ്. സർവേ രാഷ്ട്രീയ ലക്ഷ്യത്തോടെയാണെന്ന് ആരോപിച്ച് കെ.എസ്.യു സംസ്ഥാന പ്രസിഡന്റ് അലോഷ്യസ് സേവ്യർ അടക്കമുള്ളവരാണ് കോടതിയെ സമീപിച്ചത്.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

**<u>കെ. ജയകുമാർ (ഇൻട്രോ</u>**

ആഗോള അയ്യപ്പ സംഗമവുമായി ബന്ധപ്പെട്ട ഓഡിറ്റ് റിപ്പോർട്ടിലെ പിഴവുകൾ തിരുത്തി പുതിയ റിപ്പോർട്ട് ഉടൻ കോടതിയിൽ സമർപ്പിക്കുമെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് കെ. ജയകുമാർ . ഓഡിറ്റ് റിപ്പോർട്ട് അന്തിമമല്ലെന്നും റിപ്പോർട്ടിൽ കൂടുതൽ കൃത്യത വരാനുണ്ടെന്നും അദ്ദേഹം തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ഓഡിറ്റ് റിപ്പോർട്ടിലെ പല പരാമർശങ്ങൾക്കും കാരണം ഓഡിറ്ററുടെ പിഴവല്ലെന്നും, മറിച്ച് ബോർഡിൻ്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണെന്നും ശ്രീ കെ. ജയകുമാർ വ്യക്തമാക്കി. ഓഡിറ്ററുമായി കൃത്യമായ ആശയവിനിമയം നടന്നില്ല. റിപ്പോർട്ടിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പ്രത്യേക ടാസ്ക് ഫോഴ്സിനെ ബോർഡ് നിയോഗിച്ചിട്ടുണ്ട്. 26-ാം തീയതിക്കുള്ളിൽ തിരുത്തിയ റിപ്പോർട്ട് കോടതിയിൽ സമർപ്പിക്കാനാണ് ബോർഡിൻ്റെ തീരുമാനമെന്നും കെ. ജയകുമാർ പറഞ്ഞു.

(ഹോൾഡ് -കെ. ജയകുമാർ)

RIJU TVPM

## തൊണ്ടി മുതൽ കേസ്

തൊണ്ടിമുതൽ തിരിമറി കേസിൽ ശിക്ഷാ വിധി റദ്ദാക്കണമെന്ന മുൻ മന്ത്രി ആന്റണി രാജുവിന്റെ ഹർജി തള്ളി തിരുവനന്തപുരം

പ്രിൻസിപ്പൽ സെഷൻസ് കോടതി. നെടുമങ്ങാട് മജിസ്ട്രേറ്റ് കോടതിയുടെ വിധി ജില്ലാ സെഷൻസ് കോടതി ശരിവച്ചു. ഇതോടെ ആന്റണി രാജുവിന് തിരഞ്ഞെടുപ്പിൽ മത്സരിക്കാനാകില്ല. കേസിൽ മൂന്നു വർഷം തടവും പതിനായിരം രൂപ പിഴയുമാണ് മജിസ്ട്രേറ്റ് കോടതി ശിക്ഷ വിധിച്ചത്.

## ആറ്റുകാൽ പൊങ്കാല

തിരുവനന്തപുരത്ത് ആറ്റുകാൽ ഭഗവതി ക്ഷേത്രത്തിലെ പൊങ്കാല മഹോത്സവത്തിന്റെ ഭാഗമായി സമഗ്രമായ ക്രമീകരണങ്ങൾ ഒരുക്കി ദക്ഷിണ റെയിൽവേ തിരുവനന്തപുരം ഡിവിഷൻ. പ്രത്യേക ട്രെയിൻ സർവീസുകൾ, അധിക സ്റ്റോപ്പുകൾ, ടിക്കറ്റ് സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. പൊങ്കാലയോടനുബന്ധിച്ച് തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിലെ എല്ലാ വാർഡുകളിലും വെങ്ങാനൂർ ഗ്രാമപഞ്ചായത്തിലെ വെള്ളാർ വാർഡിലും മദ്യവിൽപ്പന ശാലകളുടെ പ്രവർത്തനം നിരോധിച്ച് ജില്ലാ കളക്ടർ ഉത്തരവിട്ടു. പൊങ്കാലയുടെ തലേ ദിവസമായ മാർച്ച് 2 വൈകിട്ട് 6 മുതൽ പൊങ്കാല ദിവസമായ മാർച്ച് 3ന് വൈകിട്ട് 6വരെയാണ് മദ്യനിരോധനം

RNU TVPM

## റംസാൻ മാസപ്പിറവി

സംസ്ഥാനത്ത് റംസാൻ വ്രതാരംഭവുമായി ബന്ധപ്പെട്ട് നൂറോളം ജമാ അത്തുകളിലെ ഇമാമുമാരുടെയും മഹല്ല് ഭാരവാഹികളുടെയും യോഗം തിരുവനന്തപുരത്ത് അൽപസമയത്തിനകം ചേരും. വലിയ ഖാസി ചന്തിരൂർ വി എം അബ്ദുള്ള മൗലവിയുടെ അധ്യക്ഷതയിൽ മണക്കാട് വലിയ പള്ളി ജുമാ മസ്ജിദിലാണ് യോഗം.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## ശബരിമല

കുംഭമാസ പൂജകൾ പൂർത്തിയാക്കി ശബരിമല ക്ഷേത്ര
നട ഇന്ന് രാത്രി 10 ന് അടയ്ക്കും. സന്നിധാനത്ത് വലിയ തിരക്കാണ് അനുഭവപ്പെടുന്നത്. മീനമാസ പൂജയ്ക്കായി അടുത്ത മാസം 14നാണ് നട തുറക്കുക.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## വിഴിഞ്ഞം

വിഴിഞ്ഞത്തെ ഹോട്ടലിൽ നിന്ന് ഭക്ഷണം കഴിച്ച് മടങ്ങവേ മരിച്ച രണ്ട് പേരുടെയും പോസ്റ്റ് മോർട്ടം നടപടികൾ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പൂർത്തിയായി. നിലമേൽ സ്വദേശിയായ ഷാജിയും ഭാര്യാ മാതാവ് റാഷിദ ബീവിയുമാണ് മരിച്ചത്. മരണ കാരണം വ്യക്തമാകുന്നതിന്

RNU TVPM

കൂടുതൽ ശാസ്ത്രീയ പരിശോധനയ്ക്കായി സാമ്പിളുകൾ അയച്ചിട്ടുണ്ട്.

❋❋❋❋❋❋❋❋❋❋❋❋❋❋❋❋

## കോഴിക്കോട് ബയോളജിക്കൽ പാർക്ക് (ഇൻട്രോ)

മലബാറിൻ്റെ വിനോദസഞ്ചാര മേഖലയ്ക്ക് അനന്തസാധ്യതകൾ തുറക്കുന്ന കോഴിക്കോട് ബയോളജിക്കൽ
പാർക്കിൻ്റെ നിർമാണോദ്ഘാടനം വനം മന്ത്രി എ കെ ശശീന്ദ്രൻ നിർവഹിച്ചു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു---

(ഹോൾഡ്)

RNU TVPM

❋❋❋❋❋❋❋❋❋❋❋❋❋❋❋❋

## ഐസിസി ടി-20

ഐസിസി ടി-20 ലോകകപ്പിൽ കാനഡയ്ക്കെതിരെ ന്യൂസിലൻഡിന് 8 വിക്കറ്റ് ജയം. കാനഡ ഉയർത്തിയ 174 റൺസ് വിജയലക്ഷ്യം, 2 വിക്കറ്റ് നഷ്ടത്തിൽ 29 പന്ത് ബാക്കി നിൽക്കെ ന്യൂസിലാൻഡ് മറികടന്നു. ശ്രീലങ്കയിൽ നടക്കാനിരുന്ന അയർലൻഡ് സിംബാബ്‌വെ മത്സരം മഴയെ തുടർന്ന് ഉപേക്ഷിച്ചു. മുംബൈ വാങ്കഡെ സ്റ്റേഡിയത്തിൽ നടക്കുന്ന മൂന്നാം മത്സരത്തിൽ സ്കോട്ട്ലൻഡ് അൽപസമയത്തിനകം നേപ്പാളിനെ നേരിടും

## അഗ്നിവീർ

ഇന്ത്യൻ കരസേനയിലേക്ക് അഗ്നിവീർ തിരഞ്ഞെടുപ്പിനായി ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. 2027-ലെ അഗ്നിപത് സ്കീമിന് കീഴിൽ വിവിധ വിഭാഗങ്ങളിലായി റിക്രൂട്ട് ചെയ്യുന്നതിനുള്ള സെലക്ഷൻ ടെസ്റ്റിനായി കേരളത്തിലെ ഏഴ് തെക്കൻ ജില്ലകളിലെ അവിവാഹിതരായ പുരുഷന്മാരിൽ നിന്നാണ് ഓൺലൈൻ അപേക്ഷ ക്ഷണിക്കുന്നത്. അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി ഏപ്രിൽ 01 ആണ്..

## സൈനിക സ്കൂൾ

സൈനിക സ്കൂൾ അപേക്ഷകരെ ലക്ഷ്യം വച്ചുള്ള വ്യാജ സൈറ്റുകൾക്കെതിരെ ജാഗ്രത പാലിക്കാൻ നിർദേശം. കൗൺസിലിംഗ് രജിസ്ട്രേഷൻ സംബന്ധിച്ച് ചില സൈറ്റുകളിൽ നിന്ന് വിദ്യാർത്ഥികൾക്ക് മെയിലുകൾ ലഭിച്ചതായും ഒരു നിശ്ചിത തുക അടയ്ക്കാൻ ആവശ്യപ്പെട്ടതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത് വ്യാജ സന്ദേശമാണെന്നും, കൗൺസിലിംഗിനുള്ള രജിസ്ട്രേഷൻ സൗജന്യമാണെന്നും അധികൃതർ അറിയിച്ചു.

RNU TVPM

## സി.ജി.□ ച്ച്.□ സ് - കൊല്ലം

കൊല്ലത്ത് സി.ജി.എച്ച്.എസ് വെൽനസ് കേന്ദ്രം എത്രയും പെട്ടെന്ന് ആരംഭിക്കുമെന്ന് എൻ.കെ. പ്രേമചന്ദ്രൻ എം.പി . ഇതിനായി ആദായനികുതി വകുപ്പിന്റെ കൊല്ലത്തുള്ള കെട്ടിടത്തിൽ പ്രാഥമിക പരിശോധന നടത്തിയതായും അദ്ദേഹം അറിയിച്ചു. കൊല്ലത്ത് വെൽനസ് സെന്റർ ആരംഭിക്കുന്നതിന് ആരോഗ്യ മന്ത്രാലയം നേരത്തേ തീരുമാനിച്ചിരുന്നു. ഇവിടേക്ക് ഒരു മെഡിക്കൽ ഓഫീസറുടേത് അടക്കം നാല് തസ്തികകൾ സൃഷ്ടിച്ച് ധനമന്ത്രാലയം കഴിഞ്ഞ ദിവസം ഉത്തരവിറക്കി.

RNUTVPM